# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 05.11.2025**

### പ്രധാനവാർത്തകൾ

1. തീവ്ര വോട്ടർപട്ടിക പരിഷ്ക്കരണം സംബന്ധിച്ച് കേരളത്തിലെ വിഷയങ്ങൾ ചർച്ച ചെയ്യാൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഇന്ന് സർവ്വകക്ഷിയോഗം ചേരും.
2. തദ്ദേശ തെരഞ്ഞെടുപ്പിനായുള്ള വോട്ടർ പട്ടികയിൽ പേരു ചേർക്കാൻ ഇന്ന് കൂടി അവസരം.
3. സമഗ്ര ശിക്ഷ കേരളത്തിനും സംസ്ഥാന സർക്കാരിനും ആദ്യ ഗഡു കേന്ദ്ര ഫണ്ട് ലഭിച്ചതായി മന്ത്രി വി ശിവൻകുട്ടി.
4. ആനന്ദ് മാതൃകാ ക്ഷീരസഹകരണ സംഘങ്ങളുടെ പുതിയ നിയമാവലി മന്ത്രി ജെ ചിഞ്ചുറാണി ഇന്ന് പ്രകാശനം ചെയ്യും.
5. തിരുവനന്തപുരത്ത് അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ഒരാൾ കൂടി മരിച്ചു. ജാഗ്രത ശക്തം.
6. ഐസിസി പെരുമാറ്റച്ചട്ടം ലംഘിച്ച പാകിസ്ഥാൻ പേസർ ഹാരിസ് റൗഫിനെ രണ്ട് മത്സരങ്ങളിൽ നിന്ന് സസ്പെൻഡ് ചെയ്തു.

**********************

PNUTVPM

## തീവ്ര വോട്ടർപട്ടിക

തീവ്ര വോട്ടർപട്ടിക പരിഷ്കരണങ്ങളുടെ ഭാഗമായി എന്യൂമറേഷൻ ഫോം വിതരണത്തിന് ഇന്നലെ തുടക്കമായി. കേരളത്തിൽ ഇന്നലെ രാത്രി എട്ടു മണി വരെയുള്ള കണക്കു പ്രകാരം രണ്ട് ലക്ഷത്തി 7,528 പേർക്കാണ് എന്യൂമറേഷൻ ഫോം വിതരണം ചെയ്തത്. ഡിസംബർ 9-ന് കരട് വോട്ടർ പട്ടികയും 2026 ഫെബ്രുവരി 7 ന് അന്തിമ വോട്ടർ പട്ടികയും പ്രസിദ്ധീകരിക്കും.

**********************

## സർവ്വകക്ഷിയോഗം

രണ്ടാംഘട്ട തീവ്ര വോട്ടർപട്ടിക പരിഷ്കരണം സംബന്ധിച്ച് കേരളത്തിലെ വിഷയങ്ങൾ ചർച്ച ചെയ്യാൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഇന്ന് സർവ്വകക്ഷിയോഗം വിളിച്ചു ചേർക്കും. ഇന്ന് വൈകിട്ട് 4.30ന് ഓൺലൈനായാണ് യോഗം

RNU TVPM

**********************

## ലക്ഷദ്വീപ് - എസ്.ഐ.ആർ

ലക്ഷദ്വീപിലും തീവ്ര വോട്ടർ പട്ടികയുടെ പരിഷ്കരണ പ്രക്രിയകൾ ആരംഭിച്ചു. 57,813 വോട്ടർമാർക്കായി ആകെ ഒരുലക്ഷത്തി15,626 എന്യൂമറേഷൻ ഫോമുകൾ അച്ചടിച്ച് 10 ദ്വീപുകളിലായി വിതരണം ചെയ്യു. 55 ബൂത്ത് ലെവൽ ഓഫീസർമാരെയാണ് ഇതിനായി നിയോഗിച്ചിട്ടുള്ളത്.

**********************

## വോട്ടർ പട്ടിക

കേരളത്തിൽ തദ്ദേശ തെരഞ്ഞെടുപ്പിനായുള്ള വോട്ടർ പട്ടികയിൽ പേരു ചേർക്കാൻ ഇന്ന് കൂടി അവസരം. കഴിഞ്ഞ മാസം 25 ന്

പ്രസിദ്ധീകരിച്ച അന്തിമവോട്ടർപട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത അർഹരായവർക്കാണ് പട്ടികയിൽ പേര് ചേർക്കാൻ അവസരം.

**********************

## സിറോ മലബാർ -പ്രധാനമന്ത്രി

സിറോ മലബാർ സഭയുടെ തലവനായ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി ഇന്നലെ ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ, ആർച്ച് ബിഷപ്പ് ഡോ. കുര്യാക്കോസ് ഭരണികുളങ്ങര, ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ തുടങ്ങിയവരും ഒപ്പം ഉണ്ടായിരുന്നു.

**********************

## അങ്കണവാടി

അങ്കണവാടികളിൽ നിന്ന് വിരമിച്ചവരുടെ പെൻഷനും ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിന് 20 കോടി രൂപ അനുവദിച്ചതായി ധന മന്ത്രി കെ എൻ ബാലഗോപാൽ. അങ്കണവാടി വർക്കേഴ്സ് ആൻഡ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡിനാണ് സഹായം അനുവദിച്ചത്. വിരമിച്ചവരുടെ പെൻഷൻ, വിരമിക്കൽ ആനുകൂല്യം, വിരമിച്ചവരുടെ മരണാനുകൂല്യം തുടങ്ങിയവയ്ക്കാണ് സഹായം ആവശ്യപ്പെട്ടത്.

RNU TVPM

**********************

## ആനന്ദ് ബൈലോ പ്രകാശനം

ആനന്ദ് മാതൃകാ ക്ഷീരസഹകരണ സംഘങ്ങളുടെ പുതിയ നിയമാവലി മന്ത്രി ജെ ചിഞ്ചുറാണി ഇന്ന് പ്രകാശനം ചെയ്യും. 1980 കളിൽ തയ്യാറാക്കിയ നിയമാവലിയാണ് കേരള സഹകരണ നിയമത്തിനും ചട്ടങ്ങൾക്കും വന്ന കാലാനുസൃത മാറ്റങ്ങൾ ഉൾപ്പെടുത്തി ക്ഷീരവികസന വകുപ്പ്

പുതുക്കിയത്. നിലവിൽ കേരളത്തിൽ 3,264 ആനന്ദ് മാതൃകാ ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

**********************

## വി. ശിവൻകുട്ടി (ഇൻട്രോ)

രണ്ടു വർഷത്തിനുശേഷം സമഗ്ര ശിക്ഷ കേരളത്തിനും സംസ്ഥാന സർക്കാരിനും ആദ്യ ഗഡു കേന്ദ്ര ഫണ്ട് ലഭിച്ചതായി മന്ത്രി വി ശിവൻകുട്ടി. അനുമതി നൽകിയ 109 കോടിയിൽ വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി 92.41 കോടി രൂപയാണ് ഇന്നലെ അനുവദിച്ചതെന്നും മന്ത്രി പറഞ്ഞു.

(വോയ്സ്)

ഭിന്നശേഷിക്കാരായ കുട്ടികളെ പഠിപ്പിക്കുന്നതിനുള്ള സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ നിയമനവുമായി ബന്ധപ്പെട്ട കേസിൽ കേരളത്തിനുള്ള സമഗ്ര ശിക്ഷാ ഫണ്ട് ഉടൻ അനുവദിക്കുമെന്നാണ് കരുതുന്നതെന്നും അദ്ദേഹം പറഞ്ഞു.

RNU TVPM

**********************

## ശബരിമല

ശബരിമലയിലെ പൂജകൾ ഭക്തർക്ക് ഓൺലൈനിലൂടെ ഇന്ന് മുതൽ ബുക്ക് ചെയ്യാം. സന്നിധാനത്ത് താമസിക്കാൻ ആഗ്രഹിക്കുന്നവർക്കുള്ള ഓൺലൈൻ അക്കോമഡേഷൻ ബുക്കിംഗും ഇന്ന് ആരംഭിക്കും. www.onlinetdb.com എന്ന വെബ്സൈറ്റ് വഴിയാണ് ബുക്കിംഗ് ലഭ്യമാവുക.

**********************

## ശബരിമല - പരിശോധന

ശബരിമല കട്ടിളപ്പാളി കേസിലെ കൂടുതൽ അന്വേഷണത്തിന് പ്രത്യേക അന്വേഷണ സംഘം സന്നിധാനത്ത് പരിശോധന നടത്തുന്നു. സി ഐ യുടെ നേതൃത്വത്തിലുള്ള 7 അംഗ എസ് ഐ ടി സംഘമാണ് സന്നിധാനത്ത് എത്തിയത്.

**********************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും....

(ബ്രേക്ക്)

**********************

## അമീബിക് മസ്തിഷ്ക ജ്വരം

തിരുവനന്തപുരത്ത് അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ഒരാൾ കൂടി മരിച്ച സാഹചര്യത്തിൽ ജാഗ്രത ശക്തമാക്കി ആരോഗ്യവകുപ്പ്. ആറ്റിങ്ങൽ സ്വദേശിയായ 58 വയസുകാരൻ ആണ് ഇന്ന് രാവിലെ മരിച്ചത്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്നു. കഴിഞ്ഞ ആഴ്ച ചിറയിൻകീഴ് സ്വദേശിയായ 77 വയസുകാരിയും അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് മരിച്ചിരുന്നു.

RNU TVPM

**********************

## നെല്ല് സംഭരണം (ഇൻട്രോ)

പാലക്കാട് ജില്ലയിൽ രണ്ടാം വില നെൽകൃഷിയുടെ നടീൽ തുടങ്ങിയിട്ടും ഒന്നാം വിള നെല്ല് സംഭരണം പൂർണതോതിൽ ആരംഭിക്കാത്തതിൻറെ ആശങ്കയിലാണ് കർഷകർ. നെല്ല് സംഭരണത്തിൽ നിന്ന് ഭൂരിഭാഗം മില്ലുടമകളും പിന്മാറിയ സാഹചര്യത്തിൽ അടിയന്തിര നടപടി ചർച്ച ചെയ്യാൻ ഇന്ന് മന്ത്രിതല യോഗം ചേരുന്നുണ്ട്.

വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്....

(വോയ്സ്)

*********************

## രാജീവ് ചന്ദ്രശേഖർ

ബി ജെ പി സംഘടിപ്പിക്കുന്ന "വികസിത അനന്തപുരി"-സന്ദേശ പദയാത്രയ്ക്ക് ഇന്ന് തുടക്കമാകും. നേമം മണ്ഡലത്തിൽ ഇന്ന് പാർട്ടി സംസ്ഥാന അദ്ധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ നയിക്കുന്ന പദയാത്ര കുമ്മനം രാജശേഖരൻ ഉദ്ഘാടനം ചെയ്യും.

*********************

## ജല ബജറ്റ് പ്രകാശനം-കണ്ണൂർ(ഇൻട്രോ)

കണ്ണൂർ ജില്ലയിലെ ജല ലഭ്യതയും ജല ഉപയോഗവും സംബന്ധിച്ച വിശദ വിവരങ്ങൾ അടങ്ങിയ ജല ബജറ്റ് പ്രകാശനം ചെയ്തു. ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഇതിനകം ജല ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ**

(വോയ്സ്)

*********************

## ക്രിക്കറ്റ്- റൗഫ്

ഇന്ത്യയ്ക്കെതിരായ ഏഷ്യാ കപ്പ് ക്രിക്കറ്റ് ഫൈനലിൽ ഐസിസി പെരുമാറ്റച്ചട്ടം ലംഘിച്ച പാകിസ്ഥാൻ പേസർ ഹാരിസ് റൗഫിന് രണ്ട് മത്സരങ്ങളിൽ നിന്ന് സസ്പെൻഡ് ചെയ്തു.

RNUTVPM

ദക്ഷിണാഫ്രിക്കയ്ക്കെതിരായ ഏകദിന മത്സരങ്ങളിൽ റൗഫിന് കളിക്കാനാകില്ല.

**********************

## ഗുരുനാനാക്ക് ജയന്തി

ഇന്ന് ഗുരുനാനാക്ക് ജയന്തി. സിഖ് ഗുരുവും സിഖ് മത സ്ഥാപകനുമായ ഗുരുനാനാക്കിൻറെ ജൻമവാർഷിക ദിനത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമുവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും എല്ലാ പൗരന്മാർക്കും ആശംസകൾ നേർന്നു. ഗുരുനാനാക് ദേവിന്റെ ആദർശങ്ങളും മൂല്യങ്ങളും എല്ലാവരെയും പ്രചോദിപ്പിക്കുകയും മെച്ചപ്പെട്ട ഒരു സമൂഹം കെട്ടിപ്പടുക്കുന്നതിലേക്ക് നയിക്കുകയും ചെയ്യുന്നുവെന്ന് ശ്രീമതി മുർമു സമൂഹമാധ്യമത്തിൽ പറഞ്ഞു.

RNU TVPM

**********************

## ഫ്രഷ്കട്ട്

കോഴിക്കോട് താമരശ്ശേരിയിൽ അറവുമലിന്യ സംസ്കരണ പ്ലാന്റുമായി ബന്ധപ്പെട്ട വിഷയം പരിഹരിക്കുന്നതിനായി സമരക്കാരെ പ്രതിനിധീകരിച്ച് ചർച്ചയിൽ പങ്കെടുക്കാനുള്ളവരെ നിശ്ചയിക്കാൻ ജില്ലാ കളക്ടർ ആവശ്യപ്പെട്ടു. പ്ലാന്റിലെ പ്രതിദിന മാലിന്യ സംസ്ക്കരണം 25 ടണ്ണിൽ നിന്ന് 20 ടണ്ണായി കുറയ്ക്കാൻ ഫെസിലിറ്റേഷൻ ആൻഡ് മോണിറ്ററിങ് കമ്മിറ്റി യോഗം തീരുമാനിച്ചിരുന്നു. വൈകുന്നേരം ആറു മണി മുതൽ രാത്രി 12 മണി വരെ പ്രവർത്തനം നിർത്തിവയ്ക്കാനും പഴകിയ മാലിന്യങ്ങൾ പ്ലാന്റിലേക്ക് കൊണ്ടുവരുന്നത് നിർത്താനും യോഗം തീരുമാനിച്ചു. മലിനീകരണ നിയന്ത്രണ ബോർഡ്, ശുചിത്വമിഷൻ തുടങ്ങി സർക്കാർ ഏജൻസികൾ പ്ലാന്റിന്റെ

പ്രവർത്തനങ്ങൾ കർശനമായി നിരീക്ഷിക്കുമെന്നും കളക്ടർ അറിയിച്ചു.

**********************

## ട്രൈബൽ യുവ എക്സ്ചേഞ്ച് പ്രോഗ്രാം

കേന്ദ്ര യുവജനകാര്യ - കായിക മന്ത്രാലയം, ആഭ്യന്തര മന്ത്രാലയത്തിൻറെ സഹകരണത്തോടെയും മേരാ യുവ ഭാരത് മുഖേനയും സംഘടിപ്പിക്കുന്ന 17-ാമത് ട്രൈബൽ യുവ എക്സ്ചേഞ്ച് പ്രോഗ്രാം ഇന്ന് മുതൽ ഈ മാസം 11 വരെ കോഴിക്കോട് നടക്കും. ഗോത്രപ്രദേശങ്ങളിലെ യുവജനങ്ങളെ പരിചയപ്പെടുത്താനും ഭരണ സംവിധാനങ്ങളുമായി സംവദിക്കാനും ദേശീയ ഐക്യബോധം വികസന മാതൃകകൾ വളർത്താനും ലക്ഷ്യമിട്ടാണ് പരിപാടി. പരിപാടിയുടെ ഔദ്യോഗിക ഉദ്ഘാടനം നാളെ ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ നിർവ്വഹിക്കും.

RNU TVPM

**********************

## സുനാമി ബോധവൽക്കരണ ദിനം

ഇന്ന് ലോക സുനാമി ബോധവൽക്കരണ ദിനം. ലോകമെമ്പാടുമുള്ള ദശലക്ഷങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയായ വിനാശകാരിയായ പ്രകൃതി ദുരന്തമാണ് സുനാമി. "Be Tsunami Ready: Invest in Tsunami Preparedness" എന്നതാണ് ഈ വർഷത്തെ പ്രമേയം. 2015 മുതൽ ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിൽ നവംബർ 5 ലോക സുനാമി ബോധവൽക്കരണ ദിനമായി ആചരിച്ചു വരുന്നു.

*****************************************************************************